പെരിന്തൽമണ്ണ ഗവണ്മെൻറാശുപത്രി.

*1811. [26] ശ്രീ. പി. ഗോവിന്ദൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ ഗവണ്മെൻറാശുപത്രിക്ക് പുതിയ വാർഡുകൾ പണിതീർന്നെങ്കിലും രോഗികൾക്ക് ആവശ്യമുള്ള വെള്ളം കിട്ടാൻ വിഷമമാണെന്നതിനാൽ ആശുപത്രിയിലേക്ക് വേണ്ടത്ര ശുദ്ധജലം കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി സ്വീകരിക്കുമോ ;

(ബി) അതിനുതകുന്ന എന്തെങ്കിലും പദ്ധതി അധികൃതർ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഉള്ളെങ്കിൽ ആശുപത്രിക്കടുത്തുള്ള കുളം സർക്കാരിനു വിട്ടുകിട്ടുകയാണെങ്കിൽ കുളം റിപ്പേർ ചെയ്ത് ആശുപത്രിയിൽ രോഗികൾക്കാവശ്യമുള്ള വെള്ളം പൈപ്പുമുഖാന്തിരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡോ. എ. ആർ. മേനോൻ) :

(എ) നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഉണ്ട്. ജലവിതരണപദ്ധതിപ്രകാരം ഇതേവരെ കുഴിച്ചിരുന്ന, ഇപ്പോൾ ആശുപത്രി വളപ്പിലുള്ള കിണർ ഡ്രില്ലിംഗ് മിഷ്യൻ ഉപയോഗിച്ചു ആഴം വർദ്ധിപ്പിച്ചു വെള്ളം കൊടുക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുന്നുണ്ട്.

(സി) ഇതിനെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചു ആവശ്യമുണ്ടെന്നു കണ്ടാൽ വേണ്ട നടപടിയെടുക്കാം.

കേരള ഗ്രന്ഥശാലാസംഘത്തിൻറെ കീഴിലുള്ള ഗ്രന്ഥശാലകൾ.

*1812 [27] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗ്രന്ഥശാലാസംഘത്തിൻറെ കീഴിൽ എത്ര ഗ്രന്ഥശാലകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഈ ഗ്രന്ഥശാലകൾക്ക് ഗ്രാൻറായി 1958-59 കൊല്ലത്തിൽ ഒട്ടാകെ കൊടുത്തിട്ടുള്ള തുക എത്രയാണ്;

(സി) മലബാർ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ എത്ര ഗ്രന്ഥശാലകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ഡി) ഇവയ്ക്ക് 1958-59 വർഷത്തിൽ ഒട്ടാകെ എത്ര സംഖ്യ ഗ്രാൻറായി കൊടുത്തിട്ടുണ്ട്;

(ഇ) മലബാർ പ്രദേശത്തും തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും ഇന്ന് നിലവിലുള്ള വ്യത്യസ്തമായ ഗ്രന്ഥശാലാ നിയമങ്ങളെ ഏകോപിപ്പിച്ച് കേരളാസ്റ്റേറ്റിനു പൊതുവിൽ ഒരു നിയമം കൊണ്ടുവരാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനു വേണ്ടതായ നിർദ്ദേശങ്ങൾ വച്ചുതുടങ്ങിയോ എന്നു കാരണത്തോടെ അറിയാമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) 2294.

(ബി) 2,71,405 രൂപ.

(സി) 36.

LIBRARY ARCHIVES Kerala Legislative Assembly